# സർക്കുലർ നമ്പർ.21/14

സി.ബി(4) 17983/13 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.29.05.2014


Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513
Tel : 0471-2330726


വിഷയം:- സഹകരണവകുപ്പ് – ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാരുടെ മൊബൈൽ ഫോൺ ബിൽ ബാങ്കിൽ നിന്നും അടവാക്കുന്നത് സംബന്ധിച്ച്

സൂചന:– 1) സഹകരണസംഘം രജിസ്ട്രാറുടെ 3/10/03–ലെ 55/2003–ാം നമ്പർ സർക്കുലർ
2) സഹകരണസംഘം രജിസ്ട്രാറുടെ 5/10/05–ലെ 36/2005–ാം നമ്പർ സർക്കുലർ
3) സർക്കാരിന്റെ 20/02/14 ലെ 12255/ബി2/13/സഹ. നമ്പർ കത്ത്

ജില്ലാ സഹകരണ ബാങ്കുകളുടെ ചീഫ് എക്സിക്യൂട്ടീവ് ആയ ജനറൽ മാനേജർമാർ ഔദ്യോഗിക ആവശ്യത്തിന് ഉപയോഗിക്കുന്ന മൊബൈൽ ഫോൺ ചാർജ്ജ് അതാതു ബാങ്കുകളിൽ നിന്നും നൽകുന്നതിന് പൊതുവായഒരു ഉത്തരവ് നൽകണമെന്ന് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിന്റെയും മറ്റ് അപ്പെക്സ് സഹകരണ സ്ഥാപനങ്ങളുടെയും പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ എന്നിവർക്കും ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റുമാർക്കും ഔദ്യോഗിക ആവശ്യത്തിന് മൊബൈൽ ഫോൺ ചാർജ്ജ് അനുവദിക്കുന്നത് സംബന്ധിച്ച് സൂചന (1), (2) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. മേൽ വിഷയം സംബന്ധിച്ച് സൂചന (3) സർക്കാർ നിർദ്ദേശ പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ജില്ലാ സഹകരണ ബാങ്കുകളുടെ ജനറൽ മാനേജർമാർക്ക്ഔദ്യോഗിക ആവശ്യത്തിന് മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന്റെ ചാർജ്ജ് ഇനത്തിൽ വരുന്ന തുക അടയ്ക്കുന്നതിനായി പ്രതിമാസം 1500/– രൂപായും വാർഷിക കണക്കിൽ പരമാവധി 18,000/– രൂപായും മൊബൈൽ ഫോൺ അലവൻസായി അനുവദിക്കുന്നു. മൊബൈൽ ഫോൺ ഉപയോഗം ഔദ്യോഗിക ആവശ്യത്തിനുവേണ്ടി നിജപ്പെടുത്തേണ്ടതും മേൽ പരാമർശിച്ച തുകയിൽ കൂടുതൽ വരുന്ന ചെലവുകളും അനൗദ്യോഗിക ആവശ്യങ്ങൾക്കുള്ള ഫോൺചാർജ്ജുകളും അവർ തന്നെ അടയ്ക്കേണ്ടതുമാണ്.

ഒപ്പ്
എസ്സ്.ലളിതാംബിക.ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്/ജനറൽ മാനേജർമാർക്കും
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
5. എല്ലാ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർക്കും
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
7. എഡിറ്റർ, സഹകരണ വീഥി
8. വെബ്സൈറ്റ്.
9. സർക്കുലർബുക്ക്
10. എഡിറ്റർ സഹകരണ ജേർണൽ
11. സ്റ്റോക്ക് ഫയൽ